JESUS REDEEMS MINISTRIES

# യുവജനലോകം

മാർച്ച് 2026



യൗവനക്കാരേ, നിങ്ങളുടെ ജീവിതത്തിൽ കർത്താവിന്റെ വരങ്ങളും ശക്തികളും പ്രവർത്തിക്കണമെങ്കിൽ,

# അലസന്മാരാകരുത്

# ആമുഖം

**പ്രിയപ്പെട്ട യൗവനക്കാരെ!**
**യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹാശംസകൾ.**

ഇന്നത്തെ യൗവനക്കാർ, കർത്താവിനുവേണ്ടി ശക്തരായി എഴുന്നേറ്റ് വലിയ കാര്യങ്ങൾ ചെയ്യുന്നു. എന്നാൽ മറുവശത്ത് അവർ മടിയരായിരിക്കുന്നതുകൊണ്ട്, തങ്ങൾക്ക് ലഭിച്ച രക്ഷയെ നഷ്ടപ്പെടുത്തി, വിശുദ്ധിയെ മറന്ന്, അഭിഷേകവും വിളിയും നഷ്ടപ്പെടുത്തി, തങ്ങൾ പ്രാപിച്ച വരങ്ങളും ശക്തികളും മറന്ന്, ഒരു മൂലയിൽ ഒതുങ്ങിപ്പോകുന്നു. അതുകൊണ്ടാണ് യൗവനക്കാരനായ തിമൊഥെയൊസിനോ ട്നിനക്ക് ലഭിച്ച കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ, നീ മറ്റുള്ളവർക്ക് മാതൃകയായിരിക്കുവാൻ ശ്രദ്ധിക്കണം എന്ന് പൗലൊസ്പറഞ്ഞത്.

**നിന്റെ യൗവനത്തിന്റെ പേരിൽ ആരും നിന്നെ തുച്ഛീകരിക്കരുത്; വാക്കിലും, പ്രവർത്തിയിലും, സ്നേഹത്തിലും, ആത്മാവിലും, വിശ്വാസത്തിലും വിശുദ്ധിയിലും വിശ്വാസികൾക്ക് മാതൃകയായിരിക്കുക!**

**ഉപദേശത്തിൽ സൂക്ഷിച്ചുകൊൾക!**

**നിങ്ങളെക്കുറിച്ചും നിങ്ങളുടെ ഉപദേശങ്ങളെക്കുറിച്ചും ശ്രദ്ധാലുവായിരിക്കുക!**

**അങ്ങനെ ചെയ്താൽ നീ നിന്നെയും, നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷയിലേക്ക് നയിക്കും എന്ന് പൗലൊസ് വിശ്വാസത്തിൽ നിജപുത്രനായ തിമൊഥെയൊസ് എന്ന യൗവനക്കാരന് എഴുതിയിരിക്കുന്നു.**

**നിങ്ങളും ഇങ്ങനെ ചെയ്യുമ്പോൾ, ഒരു വലിയ ഉണർവിനായി ആത്മാക്കളെ കൊയ്തെടുക്കാൻ നിങ്ങളെ ഉപയോഗിക്കുവാൻ കർത്താവിന് കഴിയും.**

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്



പ്രിയപ്പെട്ട യൗവനക്കാർക്ക് എന്റെ സ്നേഹാശംസകൾ! നാം ശ്രമിച്ച അടുത്ത നിമിഷം വിജയം നമ്മളിലേക്ക് എത്തുന്നില്ല. അതിനായി നാം പ്രയത്നിക്കണം, ശ്രദ്ധിക്കണം, ഏറ്റവും പ്രധാനമായി പരാജയത്തോട് കഠിനമായി പോരാടണം. ഇതെല്ലാം ചെയ്തുകൊണ്ട് മാത്രമേ നമുക്ക് വളരെ കൃത്യതയോടെ വിജയത്തിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയൂ. ഇത്രയും കഠിനമായി പോരാടി ലക്ഷ്യം നേടിയ ഒരു നേട്ടക്കാരന്റെ ജീവിതം നിങ്ങളുടെ വിജയത്തിനായി...

1985ൽ ന്യൂഡൽഹിയിലാണ് **Peyush Bansal** ജനിച്ചത്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം, ഉന്നത വിദ്യാഭ്യാസത്തിനായി കാനഡയിലെ **McGill** എന്ന സർവകലാശാലയിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് പഠിച്ചു. പഠനം പൂർത്തിയാക്കിയ ശേഷം അമേരിക്കയിലെ **Microsoft**ൽ ജോലി ചെയ്തു. ഉയർന്ന ശമ്പളമുള്ള ജോലി ഉണ്ടായിരുന്നിട്ടും, അദ്ദേഹം സന്തുഷ്ടനായിരുന്നില്ല. സ്വന്തമായി ഒരു ബിസിനസ്സ് ആരംഭിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. പലതവണ ആലോചിച്ചതിനുശേഷം, അദ്ദേഹം ജോലി ഉപേക്ഷിച്ച് ഇന്ത്യയിലേക്ക് മടങ്ങി. പലരും അദ്ദേഹത്തിന്റെ തീരുമാനത്തെ എതിർത്തു. പക്ഷേ അതെല്ലാം അവഗണിച്ച് അദ്ദേഹം തന്റെ ലക്ഷ്യത്തിലേക്ക് യാത്ര തുടങ്ങി. ഇന്ത്യയിലെത്തിയ ശേഷം **SearchMycampus, Flyrr Watchkart** തുടങ്ങിയ നിരവധി ബിസിനസ്സുകളിൽ **Peyush** ശ്രമിച്ചു പരാജയപ്പെട്ടു. ആഗ്രഹിച്ച ലക്ഷ്യം നേടാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പരാജയങ്ങളുമായി മല്ലിട്ടതിന് ശേഷം, 2010ൽ അദ്ദേഹം **Lenskart** എന്ന പേരിൽ ഒരു കമ്പനി ആരംഭിച്ചു. ഇന്ത്യയിലെ ജനങ്ങൾക്ക് നേത്ര പരിചരണം കൂടുതൽ പ്രാപ്യവും താങ്ങാനാവുന്നതുമാക്കുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം തുടർന്നും പ്രവർത്തിച്ചു. അക്കാലത്ത് ആളുകൾ ഓൺലൈനായി കണ്ണട വാങ്ങാൻ മടിച്ചിരുന്നു. ഇത് അറിഞ്ഞുകൊണ്ട്, **Try at Home, Home Eye Check-up** തുടങ്ങിയ പുതിയ സേവനങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. ഇതുമൂലം, **Peyush** കൂടുതൽ ഉപഭോക്താക്കളെ ആകർഷിച്ചു. ക്രമേണ അദ്ദേഹം പുരോഗതി കൈവരിക്കാൻ തുടങ്ങി. ഇന്ന് ഇന്ത്യയിലും വിദേശത്തുമായി ആയിരക്കണക്കിന് സ്റ്റോറുകളുള്ള ഒരു വലിയ കമ്പനിയായി **Lenskart** വളർന്നിരിക്കുന്നു. പലരും അദ്ദേഹത്തിൽ നിന്ന് പ്രയോജനം നേടിയിട്ടുണ്ട്.



ഇത് വായിക്കുന്ന സ്നേഹിതരെ, **Peyush** ലക്ഷ്യം വച്ചതിന്റെ പിറ്റേന്നോ അടുത്ത വർഷമോ അത് നേടിയില്ല. അതിനായി നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടെങ്കിലും, അദ്ദേഹം തുടർന്നും പോരാടി ഒടുവിൽ ലക്ഷ്യം നേടി. അതുപോലെ, നിങ്ങളും ശ്രമിച്ചുകൊണ്ടിരിക്കണം. അതിനായി കഠിനാധ്വാനം ചെയ്യണം! നിങ്ങളുടെ ശ്രമങ്ങൾ ഒരു ദിവസം കൊണ്ട് അപ്രത്യക്ഷമാകില്ല. ഒരു ദിവസം കൊണ്ട് വിജയവും ഉണ്ടാകില്ല: എന്നാൽ നിങ്ങളുടെ ലക്ഷ്യം ഉപേക്ഷിക്കാത്തിടത്തോളം തീർച്ചയായും അത് വന്നുചേരും!

# ദീർഘവീക്ഷണം!



# രോഗത്തിന്റെ നടുവിൽ വിജയകിരീടം



തൂത്തുക്കുടി ജില്ലയിലെ ഒരു ചെറിയ ഗ്രാമത്തിൽ കാഴ്ച വൈകല്യത്തോടെ ജനിച്ച് പത്താം ക്ലാസിൽ പഠിക്കുമ്പോൾ രോഗം നിമിത്തം വളരെ ബലഹീനതയോടെ പരീക്ഷയെഴുതി, 10,11,12 ക്ലാസുകളിൽ സ്കൂൾ ഫസ്റ്റായി വിജയം നേടി ഇപ്പോൾ കോളേജിൽ പഠിക്കുന്ന മൈക്കൽ വിൻസിയെക്കുറിച്ചാണ് നാം ഇവിടെ കാണാൻ പോകുന്നത്.

## നിങ്ങളുടെ ബാല്യകാലത്തെയും കുറിച്ച് പറയാമോ?

തൂത്തുക്കുടി ജില്ലയിലെ വെമ്പാടു ഗ്രാമത്തിലാണ് ഞാൻ താമസിക്കുന്നത്. ഇപ്പോൾ കോളേജിൽ ഒന്നാം വർഷം പഠിക്കുന്നു. ജനനം മുതൽ എനിക്ക് കാഴ്ച വൈകല്യമുണ്ട്. ഒരു ക്രൈസ്തവ കുടുംബത്തിലാണ് ഞാൻ ജനിച്ചതെങ്കിലും, വർഷങ്ങളായി ക്രിസ്തു ഇല്ലാത്ത ഒരു ജീവിതമാണ് നയിച്ചുവന്നത്. സാഹചര്യത്തിൽ (9-12 ക്ലാസ് വരെ) ഞാൻ കാഴ്ച വൈകല്യമുള്ള കുട്ടികൾ മാത്രം പഠിക്കുന്ന ഒരു പ്രത്യേക സ്കൂളിൽ ചേർന്ന് പഠിച്ചു.

## അപ്പോൾ... ക്രൈസ്തവ കുടുംബത്തിൽ ജനിച്ച നിങ്ങൾ ചെറിയ പ്രായത്തിൽ തന്നെ ക്രിസ്തുവിനെ സ്വീകരിച്ചുവോ?

ഞാൻ ക്രൈസ്തവ കുടുംബത്തിൽ ജനിച്ചുവെങ്കിലും, ഒരു സ്പെഷ്യൽ സ്കൂളിൽ ചേർന്നതിനുശേഷമാണ് യേശുവിനെക്കുറിച്ചും, യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങളെക്കുറിച്ചും അറിയുവാൻ തുടങ്ങിയത്. തുടക്കത്തിൽ ഇത് വ്യത്യസ്തമായി തോന്നി. കാരണം,



ഞാനും എന്റെ കുടുംബവും ആരാധിക്കുന്ന ദൈവമാണ് യേശു എന്നുമാത്രമാണ് എനിക്കറിയാവുന്നത്. വേദപുസ്തകം നമ്മുടെ വിശുദ്ധ ഗ്രന്ഥം എന്ന് മാത്രമായാണ് മനസ്സിലാക്കിയിരുന്നത്. ഈ സാഹചര്യത്തിൽ എന്റെ സ്കൂൾ അദ്ധ്യാപകർ യേശുവിനെക്കുറിച്ച് പറഞ്ഞ കഥകൾ, ഞാൻ പോകുന്ന സഭയിൽ പറയുന്ന വചനങ്ങളും, അവയോടൊപ്പമുള്ള വിശദീകരണങ്ങളും, സാക്ഷ്യങ്ങളും എന്നെ അത്ഭുതപ്പെടുത്തുകയും കൗതുകപ്പെടുത്തുകയും ചെയ്തു.

## ശരി... നിങ്ങളുടെ സഭയിലെ അനുഭവങ്ങളെക്കുറിച്ച് പറയുവിൻ...

മുൻപ് പള്ളിയിൽ പോകുന്നത് എനിക്ക് ഒട്ടും ഇഷ്ടമായിരുന്നില്ല. വേദപുസ്തകവും കൈയിലെടുത്ത് പള്ളിയിലേക്ക് പോയാൽ, മറ്റ് കുട്ടികൾ എന്നെ കളിയാക്കുമെന്ന് കരുതി വേദപുസ്തകം കൊണ്ടുപോകാൻ ആഗ്രഹിച്ചിരുന്നില്ല. എന്നാൽ സഭയിൽ പോകുമ്പോൾ വേദപുസ്തകം കൊണ്ടുപോകണമെന്ന് എന്റെ അമ്മ നിർബന്ധിക്കുന്നതുകൊണ്ട് കടമയ്ക്കായി പള്ളിയിൽ പോകും. സഭയിൽ വചനം വായിക്കുമ്പോഴും കടമയ്ക്കായി ഞാൻ വേദപുസ്തകം തുറന്നു വയ്ക്കുകയല്ലാതെ വചനം വായിക്കുകയോ പാസ്റ്റർ പ്രസംഗിക്കുന്നത് ശ്രദ്ധിക്കുകയോ ചെയ്യില്ല.

**ശരി, സഭയിൽ പോയിട്ടും യേശുവിനെ അംഗീകരിക്കാതിരുന്ന നിങ്ങൾ എങ്ങനെയാണ് യേശുവിനെ അറിഞ്ഞത്?**



സ്പെഷ്യൽ സ്കൂളിൽ പോയതിനു ശേഷമാണ് വേദപുസ്തകം വെറും ഒരു പുസ്കതമല്ല, അതിലെ ഓരോ വാക്കും കർത്താവ് നമുക്കുവേണ്ടി അരുളിച്ചെയ്ത സദ് വാർത്തകളാണെന്നും, യേശു ഈ ഭൂമിയിൽ നമുക്കുവേണ്ടി ജനിച്ചു, നമ്മുടെ പാപങ്ങളും ശാപങ്ങളുമെല്ലാം തന്റെ ചുമലിൽ വഹിച്ചു, നമുക്കുവേണ്ടി ക്രൂശിൽ മരിച്ചു, സാത്താനെ പരാജയപ്പെടുത്തി മരണത്തിന്റെ ചങ്ങലകൾ പൊട്ടിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു, യേശു ഇപ്പോഴും നമ്മോടുകൂടെയിരുന്ന് അത്ഭുതങ്ങൾ ചെയ്യുന്നുവെന്ന് അറിയുവാൻ കഴിഞ്ഞു. ഇതെല്ലാം എനിക്ക് വളരെ അത്ഭുതവും അതേസമയം അവിശ്വസനീയവുമായിരുന്നു.

**സൂപ്പർ... യേശുവിനെക്കുറിച്ച് അറിഞ്ഞു...**

അതിനുശേഷം നിങ്ങളുടെ ജീവിതത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് സംഭവിച്ചത്?

ഞാൻ പത്താം ക്ലാസിൽ പഠിക്കുമ്പോൾ പെട്ടെന്ന് എന്റെ ശരീരത്തിൽ ഒരു പ്രശ്നം ഉണ്ടായി. ഇടയ്ക്കിടെ ഞാൻ ബോധമില്ലാതെ വീഴുമായിരുന്നു. അപ്പോൾ എന്റെ ശരീരം മുഴുവനും തണുത്ത് നിശ്ചലമാകും. ബോധക്ഷയം മാറാൻ രണ്ടോ മൂന്നോ ദിവസമെടുക്കും. ഇത് എന്റെ മാതാപിതാക്കളെ വളരെ സങ്കടപ്പെടുത്തി. എന്റെ മാതാപിതാക്കൾ എനിക്കുവേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കുമായിരുന്നു. ആശുപത്രിയിൽ പോയപ്പോൾ ഡോക്ടർമാർ എന്നെ പരിശോധിച്ച് എന്റെ ശരീരത്തിന് ഒരു കുഴപ്പവുമില്ലെന്ന് പറഞ്ഞു. പക്ഷേ ബോധക്ഷയം മാറിയില്ല. എത്ര ചികിത്സ നടത്തിയിട്ടും എന്താണ് കുഴപ്പമെന്ന് കണ്ടെത്താൻ അവർക്ക് കഴിഞ്ഞില്ല. എന്നാൽ ദിവസവും മൂന്ന് നേരം മരുന്ന് മാത്രം നൽകി. ഒരു ദിവസം എട്ട് ഗുളികകൾ വച്ച് ആ വർഷം മുഴുവനും ധാരാളം ഗുളികകൾ കഴിച്ചു. അത് നിരവധി പാർശ്വഫലങ്ങൾ ഉണ്ടാക്കുകയും എന്റെ പഠനത്തെ ബാധിക്കുകയും ചെയ്തു. പക്ഷേ ബോധക്ഷയം മാറിയില്ല.

**ശരി... എപ്പോഴാണ് ഈ ബലഹീനത മാറിയത്? പരീക്ഷ നന്നായി എഴുതിയോ?**

പത്താം ക്ലാസ് പരീക്ഷയ്ക്ക് ഒരു മാസം മുമ്പ്, ഞാൻ വീണ്ടും ബോധംകെട്ട് വീണു. അങ്ങനെ സ്കൂളിൽ നിന്ന് വീട്ടിലേക്ക് പോയി. തിരിച്ച് സ്കൂളിൽ പോകുവാനും, പരീക്ഷ എഴുതുവാനും എനിക്ക് ഭയമായിരുന്നു. ഏതൊക്കെ വിഷയങ്ങൾ പഠിച്ചതെന്നോ, എന്തൊക്കെ പഠിച്ചെന്നോ എനിക്കറിയില്ലായിരുന്നു. അപ്പോൾ എങ്ങനെ എനിക്ക് പരീക്ഷ എഴുതാൻ കഴിയും? പരീക്ഷയ്ക്കിടെ വീണ്ടും ബോധംകെട്ടു വീണാൽ എന്തുചെയ്യുമെന്ന് എനിക്ക് ഭയമായിരുന്നതുകൊണ്ട് സ്കൂളിൽ പോകുന്നതിന് പകരം വീട്ടിൽ തന്നെ ഇരുന്നു. അങ്ങനെ ഒരു ദിവസം മൊബൈൽ നോക്കിക്കൊണ്ടിരുന്നപ്പോൾ, Achievers Meetingൽ രോഗാവസ്ഥയിലും പരീക്ഷ എഴുതി വിജയം നേടിയ ധാരാളം വിദ്യാർത്ഥികൾ സാക്ഷ്യം പറയുന്ന വീഡിയോ കണ്ടു. ആ സാക്ഷ്യങ്ങളും വാർത്തകളും എനിക്ക് വലിയ പ്രതീക്ഷ നൽകി. ആ രാത്രിയിൽ ഞാൻ യേശുവിനോട് പ്രാർത്ഥിക്കാൻ മുട്ടുകുത്തി. എന്റെ ഹൃദയത്തിൽ വളരെ ഭാരമായിരുന്നു. എന്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നോ, എങ്ങനെ പ്രാർത്ഥിക്കണമെന്നോ എനിക്കറിയില്ലായിരുന്നു. അതുകൊണ്ട് ഞാൻ കരഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ വളരെ നേരം കരഞ്ഞുകൊണ്ട്, "I am sorry Jesus, എനിക്ക് ഭയമാണ്, എന്നെ സഹായിക്കണമേ" എന്നീ മൂന്ന് കാര്യങ്ങൾ പറഞ്ഞ് ഉറങ്ങി.



അടുത്ത ദിവസം രാവിലെ ഹൃദയത്തിൽ വളരെ ശാന്തത എനിക്ക് അനുഭവപ്പെട്ടു. ഞാനറിയാതെ തന്നെ എനിക്ക് ഉത്സാഹവും, ധൈര്യവും, പ്രതീക്ഷയും ഉണ്ടായി. സ്കൂളിൽ പോകരുത് എന്ന് ചിന്തിച്ചിരുന്ന ഞാൻ, അതിരാവിലെ വേദപുസ്തകം വായിച്ച് പ്രാർത്ഥിച്ചു, പഠിക്കുന്ന എല്ലാ പുസ്തകങ്ങളിലും കൈവച്ച് പ്രാർത്ഥിച്ചു. അന്ന് പെട്ടെന്ന് സ്കൂളിൽ പോയി. "യേശുവേ, പഠിക്കാൻ എന്നെ സഹായിക്കേണമേ, എന്നോടുകൂടെയിരുന്ന്, എന്നോടൊപ്പം പരീക്ഷ എഴുതണമേ" എന്ന് പ്രാർത്ഥിച്ചു. പത്താം ക്ലാസ് പരീക്ഷയുടെ ഫലം വന്നപ്പോൾ, 500ൽ 478 മാർക്ക് നേടി




സ്കൂളിൽ ഏറ്റവും മികച്ച വിദ്യാർത്ഥിയാകുവാൻ യേശു എനിക്ക് കൃപ നൽകി.

**സൂപ്പർ... അസുഖമുണ്ടായിരുന്നിട്ടും, പത്താം ക്ലാസിൽ Achiever ആയി മാറിയ നിങ്ങൾ പഠനം തുടർന്നോ?**

ഞാൻ 11-ാം ക്ലാസിൽ ചേർന്നു. എല്ലാം നന്നായി പോയ്ക്കൊണ്ടിരുന്നു. കുറച്ച് മാസങ്ങൾ കഴിഞ്ഞപ്പോൾ എന്റെ വിശ്വാസം കുറയുവാൻ തുടങ്ങി. പ്രാർത്ഥിക്കാനും വേദപുസ്തകം വായിക്കാനുമുള്ള എന്റെ വാഞ്ച കുറഞ്ഞു തുടങ്ങി. പ്രാർത്ഥിക്കുന്നതും വേദപുസ്തകം വായിക്കുന്നതും നാളത്തേക്ക് മാറ്റിവയ്ക്കാൻ തുടങ്ങി. ഒടുവിൽ, പ്രാർത്ഥിക്കാനും വേദപുസ്തകം വായിക്കാനും ഞാൻ മറന്നു. അത് വീണ്ടും അതേ ബോധക്കേടിലേക്ക് നയിച്ചു. അത് മുമ്പത്തേക്കാൾ കഠിനമായിരുന്നു. പകുതി ദിവസവും ഞാൻ ആശുപത്രിയിലായിരുന്നു. 2024 ജനുവരി 26ന് **Achievers Meeting** നടന്നപ്പോൾ ഞാൻ ആശുപത്രിയിലായിരുന്നു. എന്റെ സ്കൂളിൽ നിന്ന് മീറ്റിംഗിന് പോയ കുട്ടികളെല്ലാം അവിടെ നടന്ന കാര്യങ്ങളെക്കുറിച്ച് എന്നോട് പറഞ്ഞപ്പോഴാണ് ഞാൻ ചെയ്തത് എത്ര വലിയ പാപമാണെന്ന് എനിക്ക് മനസ്സിലായത്. ഞാൻ വീണ്ടും യേശുവിന്റെ പാദത്തിൽ കണ്ണുനീരോടെ പ്രാർത്ഥിച്ചു.



"യേശുവേ, എന്റെ തെറ്റ് എന്നോട് ക്ഷമിക്കണമേ. ഇനി ഒരിക്കലും ഞാൻ ഈ തെറ്റ് ചെയ്യില്ല. ഞാൻ അങ്ങയുടെ പ്രിയ മകളായിരിക്കും. എന്റെ മാതാപിതാക്കൾ എന്നെ ഓർത്ത് വളരെ ദുഃഖിതരാണ്. അതുകൊണ്ട് എന്നോട് ക്ഷമിക്കണമേ, എന്റെ പ്രശ്നം പരിഹരിക്കണമേ. അടുത്ത വർഷം ഞാൻ **Achievers Meeting**ൽ സാക്ഷി പറയും" എന്ന് പ്രാർത്ഥിച്ചു. യേശു എന്റെ തെറ്റ് ക്ഷമിച്ചു, എന്നെ തന്റെ മകളായി സ്വീകരിച്ചു. എന്റെ പ്രശ്നം പരിഹരിക്കുകയും 11-ാം ക്ലാസിൽ 600/538 മാർക്ക് നൽകി വീണ്ടും സ്കൂളിൽ എന്നെ ആദ്യസ്ഥാനത്ത് എത്തിച്ച്, ഞാൻ ആഗ്രഹിച്ചതുപോലെ ജനുവരി 26ന് **Achievers Meeting**ൽ സാക്ഷി പറയുവാനും കൃപ ചെയ്തു.

**സൂപ്പർ... Achiever ആയ നിങ്ങൾക്ക് പന്ത്രണ്ടാം ക്ലാസിൽ എത്ര മാർക്ക് ലഭിച്ചു? തുടർന്ന് എന്താണ് പഠിച്ചത്?**

അതിനുശേഷം പന്ത്രണ്ടാം ക്ലാസ് പരീക്ഷ ഒരു പ്രശ്നവുമില്ലാതെ എഴുതി, 600ൽ 547 മാർക്ക് നൽകി വീണ്ടും സ്കൂളിൽ മികച്ച വിദ്യാർത്ഥിയായി ഉയർത്തി അനുഗ്രഹിക്കുകയും ചെയ്തു. ഇപ്പോൾ ഞാൻ ഒരു കോളേജിൽ ഉപരിപഠനത്തിലാണ്. അന്നു മുതൽ ഇന്നുവരെ എനിക്ക് ശാരീരിക പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്റെ പാപങ്ങൾ ക്ഷമിച്ചു, എന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചു, എന്നെ ഉന്നതസ്ഥാനത്തിൽ ഉയർത്തി എന്റെ ദൈവത്തോട് വിശ്വസ്തയായിരിക്കുവാൻ കർത്താവ് എനിക്ക് കൃപ നൽകുന്നു. കർത്താവിന് മഹത്ത്വം..!



# വനിതാ ദിനം

ഇന്ന് ലോകത്തിലെ എല്ലാ മേഖലകളിലും സ്ത്രീകൾ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുകയും പുതിയ പാതകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. അവർ മുൻനിര കമ്പനികളുടെ നേതാക്കളും, കായിക രംഗത്ത് നേട്ടം കൈവരിക്കുന്നവരും, വിജയകരമായ സംരംഭകരുമാണ്. കഠിനാധ്വാനത്തിലൂടെ വിജയം നേടിയ സ്ത്രീകളുടെ നേട്ടങ്ങൾ നിങ്ങളെ പ്രചോദിപ്പിക്കും...



## മലാല യൂസഫ്സായി

പതിനൊന്നാമത്തെ വയസ്സിൽ, താലിബാൻ ഭരണത്തിൻ കീഴിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി അവർ ബിബിസി ഉറുദു ബ്ലോഗിൽ (ഗുൽ മഖായ് എന്ന പേരിൽ) എഴുതി. താലിബാൻ നിയന്ത്രണങ്ങൾക്കിടയിലും അവർ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി പോരാടി. സ്കൂളിൽ പോകുമ്പോൾ താലിബാൻ തീവ്രവാദികളുടെ ആക്രമണത്തിൽ നിന്ന് അവർ അതിജീവിച്ചു. നിലവിൽ മലാല ഫണ്ട് വഴി ആഗോളതലത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി മലാല ശബ്ദമുയർത്തുന്നു. പാകിസ്ഥാൻ വനിതാ വിദ്യാഭ്യാസ പ്രവർത്തകയും സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ച ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തയുമാണ് ഇവർ.

## മിതാലി രാജ് (വനിതാ അന്താരാഷ്ട്ര ക്രിക്കറ്റ്)



വനിതാ അന്താരാഷ്ട്ര ക്രിക്കറ്റിൽ ഏകദിന മത്സരത്തിൽ 10,868 റൺസ് നേടിയ ആദ്യത്തെ വനിത, തുടർച്ചയായി 7 അർദ്ധ സെഞ്ച്വറികൾ നേടിയ ആദ്യത്തെ വനിത, ഇന്ത്യയെ രണ്ട് **ICC** ലോകകപ്പ് ഫൈനലുകളിലേക്ക് നയിച്ച ഏക ക്യാപ്റ്റൻ. **T20I**യിൽ 2000 റൺസ് നേടിയ ആദ്യ ഇന്ത്യൻ വനിത.

അർജ്ജുന അവാർഡ് (2003), പത്മശ്രീ (2015) എന്നിവയും നേടിയിട്ടുണ്ട്. 23 വർഷത്തെ അന്താരാഷ്ട്ര ക്രിക്കറ്റ് കരിയറിൽ, നിരവധി നാഴികക്കല്ലുകൾ സൃഷ്ടിച്ചുകൊണ്ട് അവർ ഇന്ത്യൻ വനിതാ ക്രിക്കറ്റിന് പുതിയൊരു നിലവാരം സൃഷ്ടിച്ചു.



## ഡോ. ടെസ്സി തോമസ്

ഇന്ത്യയിൽ മിസൈൽ പദ്ധതിക്ക് നേതൃത്വം നൽകിയ ആദ്യത്തെ വനിതാ ശാസ്ത്രജ്ഞയാണ്. "മിസൈൽ വുമൺ ഓഫ് ഇന്ത്യ" എന്നാണ് ഇവർ അറിയപ്പെടുന്നത്. ഇന്ത്യയിലെ പ്രധാന മിസൈലുകളിൽ ഒന്നായ അഗ്നി മിസൈലിന്റെ പ്രോജക്ട് ഡയറക്ടറായി സേവനമനുഷ്ഠിച്ച ഇവർ പ്രതിരോധ ഗവേഷണ വികസന സംഘടനയിൽ (ഡിആർഡിഒ) പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

## ഡോ. പ്രിയ രാമചന്ദ്രൻ



കാൻസർ ബാധിതരായ പാവപ്പെട്ട കുഞ്ഞുങ്ങൾക്കായി പ്രകാശകിരണം ഫൗണ്ടേഷൻ വഴി 15 വർഷമായി ഇവർ സൗജന്യ ചികിത്സ നൽകിവരുന്നു. ചെന്നൈ മെഡിക്കൽ കോളേജിൽ നിന്ന് വൈദ്യശാസ്ത്രം പഠിച്ച ഇവർ ഇംഗ്ലണ്ടിൽ ശസ്ത്രക്രിയയിൽ ബിരുദം നേടി. ഇതുവരെ കാൻസർ ബാധിച്ച 140ലധികം കുഞ്ഞുങ്ങൾക്ക് സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്. ഒരു ചികിത്സയ്ക്കായി 10 ലക്ഷം രൂപ വരെ ചെലവ് ഏറ്റെടുത്ത് പാവപ്പെട്ട കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിക്കുകയും, അവർക്ക് പുതിയ ജീവിതം സമ്മാനിക്കുകയും ചെയ്യുന്നു. ഇന്നത്തെ പരിതസ്ഥിതിയിൽ സ്നേഹനിധിയായ ഈ സാമൂഹിക പ്രവർത്തക ഡോക്ടർ എന്ന നിലയിൽ തന്റെ സേവനം പൂർത്തിയാക്കുക മാത്രമല്ല, തന്റെ ഫൗണ്ടേഷനിലൂടെ നിരവധി കുഞ്ഞുങ്ങളുടെ ജീവിതത്തെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഡോക്ടർ, സാമൂഹിക പ്രവർത്തക എന്നീ നിലകളിൽ പ്രിയ രാമചന്ദ്രൻ നിരവധി സ്ത്രീകൾക്ക് പ്രചോദനമായിരിക്കുന്നു.



# നിങ്ങൾക്ക് കഴിയും!

**"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലി. 4:13).**




ഫുട്ബോൾ കളിയിൽ ഏറ്റവും പ്രശസ്തരായ വ്യക്തികളെ നൽകിയ രാജ്യമായ ബ്രസീലിൽ, FIFA ഫുട്ബോളിൽ കളിച്ച് നേട്ടങ്ങൾ കൈവരിക്കുന്നവർ ലോകപ്രശസ്തരായി മാറുന്നു. ബ്രസീലിലെ കാക്ക ( റിക്കാർഡോ ഇസക്സൺ ഡോസ് സാന്റോസ് ലൈറ്റെ - കാക്കയുടെ മുഴുവൻ പേര്) എന്ന യുവാവിന് FIFA ഫുട്ബോളിലെ ഒരു മികച്ച കളിക്കാരനാകണം എന്ന സ്വപ്നം ഉണ്ടായിരുന്നു.

ആഗോളതലത്തിൽ കളിച്ച് നേട്ടം കൈവരിക്കണമെന്ന സ്വപ്നത്തോടെ പരീശലനം നടത്തി വന്ന കാലഘട്ടത്തിൽ, 2000 ത്തിൽ നീന്തൽക്കുളത്തിൽ വീണ് നട്ടെല്ല് തകർന്ന് കിടപ്പിലായി. 'ഇനി എഴുന്നേറ്റ് നടക്കാൻ പ്രയാസമാണ്, ഇനി നിനക്ക് ഫുഡ്ബോൾ കളിക്കാൻ കഴിയില്ല' എന്ന് ഡോക്ടർമാർ പറഞ്ഞു. ആഗോളതലത്തിൽ കളിച്ച് നേട്ടം കൈവരിക്കണം എന്ന് സ്വപ്നം കണ്ടിരുന്ന അദ്ദേഹത്തിന് ഇത് ഭയാനകമായ ഞെട്ടലുണ്ടാക്കി. തനിക്ക് നേടാൻ കഴിയില്ല എന്ന നിരാശ ഉണ്ടായി. എന്നിരുന്നാലും, നേടണമെന്ന വാഞ്ചയോടെ കഠിനമായ ചികിത്സയ്ക്ക് വിധേയനായി ഒരു വർഷത്തിനുള്ളിൽ വീണ്ടും മൈതാനത്ത് കളിക്കാൻ തുടങ്ങി. എല്ലാവരും അദ്ദേഹത്തെ അത്ഭുതത്തോടെ നോക്കി. കളിയിൽ പല തരം പരിശീലനങ്ങൾ നേടി. 2007ൽ നടന്ന FIFA ലോകകപ്പിൽ കളിച്ച് **"Best Player Award"** നേടി. നിങ്ങൾക്ക് എങ്ങനെ നേട്ടം കൈവരിക്കുവാൻ കഴിഞ്ഞു എന്ന് ചോദിച്ചപ്പോൾ, "യേശുക്രിസ്തു ഞാൻ ചോദിച്ചതിലും അധികമായി നൽകുന്നു" എന്ന് അവാർഡ് വാങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു. അപകടത്തിൽ നിന്നും സൗഖ്യം പ്രാപിച്ചശേഷം, യേശുവിലുള്ള അദ്ദേഹത്തിന്റെ വിശ്വാസം പലമടങ്ങ് വർധിച്ചു.

എങ്ങനെയൊക്കെ കർത്താവ് നിങ്ങളെ ശക്തിപ്പെടുത്തി നേട്ടക്കാരനാക്കി മാറ്റും എന്നതിനെക്കുറിച്ച് ചില കാര്യങ്ങൾ നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു:

# ഭയം അകറ്റുന്നു!



എനിക്ക് വിജയിക്കാൻ കഴിയുമോ, എനിക്ക് ഇത്രയധികം മാർക്ക് വാങ്ങാൻ കഴിയുമോ ഞാൻ
സ്കൂളിൽ ഒന്നാമതെത്തി, ആദ്യത്തെ റാങ്ക് നേടുമെന്ന് എന്റെ മാതാപിതാക്കൾ വിചാരിക്കുന്നു.
അത്രയും മാർക്ക് നേടുവാൻ എനിക്ക് കഴിയുമോ എന്ന ഭയമാണ് പഠനത്തിൽ
നിന്ന് തടയുന്നത്. ഈ ഭയത്തിന്റെ പിന്നിൽ സാത്താൻ പ്രവർത്തിക്കുന്നു. യേശു
നിങ്ങളെ നേട്ടക്കാരനായി മാറ്റുവാൻ ആഗ്രഹിക്കുന്നു, നിങ്ങളുടെ ഉള്ളിൽ ഭയം
വിതച്ച്, നിങ്ങളെ അടിമകളാക്കുവാനും, നിങ്ങളുടെ പഠനം നശിപ്പിക്കുവാനും
നിങ്ങളുടെ വിജയത്തിന്റെ വഴി അടയ്ക്കാനും സാത്താൻ പോരാടും.
"നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെ ഉണ്ട്" (യെശയ്യാവ് 41:10)
എന്ന് കർത്താവ് പറയുന്നു. 'ഭയപ്പേടേണ്ട, ഞാൻ നിന്നോടു
കൂടെയുണ്ട്. ധൈര്യമായി എഴുതുവിൻ' എന്ന് പ്രോത്സാഹിപ്പിക്കുന്നു.
യേശുവിന്റെ സാന്നിദ്ധ്യം നമുക്ക് ലക്ഷ്യബോധം നൽകുന്നു.

# ഓർമ്മക്കുറവ് മാറ്റുന്നു!

പഠിക്കുന്നത് മറന്നുപോകുന്ന പ്രശ്നം പലർക്കും ഉണ്ട്. കർത്താവ് ഓർമ്മക്കുറവ് മാറ്റുന്ന
ദൈവമാണ്. ഒരിക്കൽ ഒരു അമ്മ തന്റെ മകളോടൊപ്പം പ്രാർത്ഥനയ്ക്ക് വന്നു. കാര്യങ്ങൾ
അന്വേഷിച്ചപ്പോൾ, "അങ്കിൾ ഞാൻ രാത്രി മുഴുവനും നന്നായി പഠിക്കുന്നു, രാവിലെ
എഴുന്നേൽക്കുമ്പോൾ എല്ലാം മറന്നുപോകുന്നു" അവൾ എന്ന് പറഞ്ഞ് വളരെ കരഞ്ഞു.
എന്റെ ഹൃദയം തകർന്നുപോയി.



"ഭയപ്പെടേണ്ട, കർത്താവ് നിനക്ക് ഓർമ്മശക്തി നൽകും" എന്നു പറഞ്ഞ്
പ്രാർത്ഥിച്ചയച്ചു. കുറച്ച് ദിവസങ്ങൾക്ക് ശേഷം, പുഞ്ചിരിക്കുന്ന
മുഖത്തോടെ അവൾ എന്നെ കാണാൻ വന്നു. "അങ്കിൾ ഞാൻ ഇവിടെ
വന്നതിനുശേഷം എന്റെ എല്ലാ പാഠങ്ങളും എനിക്ക് നല്ല ഓർമ്മയുണ്ട്.
മറവി മാറി. ഇപ്പോൾ കർത്താവ് എനിക്ക് നല്ല ഓർമ്മശക്തി
നൽകിയിരിക്കുന്നു, പരീക്ഷയിൽ ഞാൻ വിജയിച്ചു" എന്ന്
സന്തോഷത്തോടെ പറഞ്ഞു. നിങ്ങൾക്ക് ഓർമ്മക്കുറവുണ്ടെങ്കിൽ
കർത്താവ് നിങ്ങൾക്ക് നല്ല ഓർമ്മശക്തി നൽകും.



# വിജയം നൽകുന്നു!

"ജയമോ യഹോവയുടെ കൈവശത്തിലിരിക്കുന്നു" എന്ന് സദൃശവാക്യങ്ങൾ
21:31ൽ വായിക്കുന്നു. നിങ്ങൾ കൂടുതൽ മാർക്ക് വാങ്ങി ജയിക്കും. ആ വിജയം നൽകുന്നത്
കർത്താവാണ്. കർത്താവിന് നിങ്ങൾക്ക് വിജയം നൽകുവാൻ കഴിയും. നിങ്ങൾ വിശ്വസിച്ചാൽ മതി.
'ഞാൻ നിങ്ങളെ ശക്തിപ്പെടുത്തും' എന്ന് കർത്താവ് പറഞ്ഞ വചനം വിശ്വസിച്ച്, അത് നിങ്ങളുടേതായി
ഏറ്റെടുക്കുവിൻ. കർത്താവ് നിങ്ങളെ ശക്തിപ്പെടുത്തുകയും നേട്ടക്കാരനാക്കുകയും ചെയ്യും.
പ്രിയപ്പെട്ട യൗവനക്കാരെ, ഞാൻ നന്നായി പഠിക്കും, നന്നായി പരീക്ഷ എഴുതും, ഉയർന്ന മാർക്ക് നേടും,
ഞാൻ ഉന്നത പഠനത്തിന് പോകും, നീറ്റ് പരീക്ഷ വന്നാൽ അതും ഞാൻ എഴുതും, എനിക്ക് നേടാൻ കഴിയും,
ഞാൻ ഒരു ഡോക്ടറായി, എഞ്ചിനീയറായി, ശാസ്ത്രജ്ഞനായി ഇന്ത്യയ്ക്ക് അനുഗ്രഹമാകും, യേശു
എന്നെ ശക്തിപ്പെടുത്തും! യേശു എന്നെ അനുഗ്രഹിക്കുമെന്ന് വിശ്വസിക്കുവിൻ! തീർച്ചയായും നിങ്ങൾ
അനുഗ്രഹിക്കപ്പെടുകയും ജയിക്കുകയും ചെയ്യും!




# അലസരാകരുത്!!

**ഇന്നത്തെ വേഗതയേറിയ ലോകത്തിൽ, യൗവനക്കാർക്ക് നിരവധി വെല്ലുവിളികൾ നേരിടേണ്ടിവരുന്നു. പഠനം, ജോലി, സോഷ്യൽ മീഡിയ, സാങ്കേതികവിദ്യ എന്നിവയുൾപ്പെടെ എല്ലാത്തിലും ജാഗ്രത പാലിക്കേണ്ടതുണ്ട്. എന്നാൽ നാം മടിയന്മാരായിരുന്ന്, നാളെ നോക്കാം, ഇപ്പോൾ സമയമില്ല എന്നു പറഞ്ഞ് ഇന്ന് ചെയ്യേണ്ട കാര്യം നാളെത്തേക്ക് മാറ്റി വയ്ക്കുമ്പോൾ, പഠനത്തിലും വിദ്യാഭ്യാസത്തിലും നാം പ്രതീക്ഷിക്കുന്ന വിജയം നേടുവാൻ കഴിയില്ല. മടി എന്നത് അലസത മാത്രമല്ല, അശ്രദ്ധ, ഉത്തരവാദിത്തമില്ലായ്മ, ഭാവിയോടുള്ള അവഗണന എന്നിങ്ങനെ പറഞ്ഞുകൊണ്ടിരിക്കാം.**

പഠിക്കുമ്പോൾ പഠനത്തിൽ ശ്രദ്ധിക്കാതെ, സമയം പാഴാക്കുമ്പോൾ, ജീവിതം ബാധിക്കപ്പെടുക മാത്രമല്ല, നമ്മുടെ ലക്ഷ്യവും ബാധിക്കപ്പെടുന്നു. ലോകത്തിൽ നേട്ടം കൈവരിച്ചവരുടെ ജീവിതം നോക്കുവിൻ; അവർ ഒരിക്കലും മടിയോടിരുന്നിരിക്കില്ല! പരാജയങ്ങൾ നേരിട്ടപ്പോഴും, അവർ തളർന്നുപോയില്ല. നിരാശ വന്നപ്പോഴും തളർന്നുപോകാതെ പോരാടി വിജയിച്ചു. ഇതുമാത്രമല്ല, അവർ സമയവും, അവസരങ്ങളും ശരിയായി പ്രയോജനപ്പെടുത്തി ജീവിതത്തിൽ ഉയർന്ന സ്ഥാനങ്ങൾ നേടിയിട്ടുണ്ട്.

ലോകം തിരിഞ്ഞുനോക്കുന്ന തരത്തിൽ ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ ഒരു മികച്ച ക്യാപ്റ്റനായും, കായികതാരവുമായിരുന്ന ധോണി ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് തന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ വളരെ കഠിനാധ്വാനം ചെയ്തു. അദ്ദേഹം റെയിൽവേ ടിക്കറ്റ് കളക്ടറായി ജോലി ചെയ്യുന്നതിനൊപ്പം, വിരസതയ്ക്ക് സ്ഥാനം നൽകാതെ, എല്ലാ ദിവസവും ക്രിക്കറ്റ് പരിശീലനം തുടരുകയും, തനിക്ക് ലഭിച്ച സമയവും അവസരവും ശരിയായി വിനിയോഗിക്കുകയും ചെയ്ത് ഇന്ത്യൻ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തുടക്കത്തിൽ ചില തോൽവികളും വിമർശനങ്ങളും ഉണ്ടായിട്ടും, ഒന്നും കാര്യമാക്കാതെ, തുടർച്ചയായി മത്സരങ്ങളിൽ ശ്രദ്ധയോടും ജാഗ്രതയോടും കളിച്ചതുകൊണ്ട് മികച്ച കളിക്കാരനായും ക്യാപ്റ്റനായും മാറുക മാത്രമല്ല, ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ പുതിയ ഉയരങ്ങളിലെത്തിക്കുകയും ചെയ്തു.

"അലസചിത്തൻ പട്ടിണികിടക്കും" (സദൃ. 19:15).
മടിയന്മാരായിരുന്നാൽ അവസരങ്ങൾ നമ്മെ വിട്ടുപോകും. അതുകൊണ്ട് യൗവനപ്രായത്തിൽ മടിയന്മാരാകാതെ കർത്താവ് നൽകുന്ന അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ജാഗ്രതയോടിരിക്കുവിൻ. അപ്പോൾ തീർച്ചയായും നിങ്ങൾ പഠനത്തിലും ജോലിയിലും വിജയിക്കും.



ഇസ്രായേൽ ജനതയെ നയിക്കാനും സംരക്ഷിക്കാനും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടതും അഭിഷേകം ചെയ്യപ്പെട്ടതുമായ ശിംശോൻ കർത്താവിന്റെ മുന്നറിയിപ്പുകൾ അവഗണിച്ച് അലസനായിരുന്നതുകൊണ്ട്, പാപത്തിൽ വീഴുകയും, ഫെലിസ്ത്യർ അവനെ പിടികൂടുകയും ചെയ്തു. "ഫെലിസ്ത്യരോ അവനോ പിടിച്ചു കണ്ണു കുത്തിപ്പൊട്ടിച്ച് ഗസ്സയിലേക്കു കൊണ്ടുപോയി ചെമ്പുചങ്ങലകൊണ്ടു ബന്ധിച്ചു" (ന്യായ. 16:21). ജനങ്ങളെ നയിക്കേണ്ടവൻ, അലസനായിരുന്നതുകൊണ്ട് അവൻ പലർക്കും പരിഹാസപാത്രമായി. കർത്താവ് അവന് വിളിയും, അഭിഷേകവും, വരങ്ങളും നൽകിയിരുന്നിട്ടും അലസനായിരുന്നതുകൊണ്ട് എല്ലാം അവന് നഷ്ടപ്പെട്ടു.



എന്റെ മക്കളേ, "ഇപ്പോൾ ഉപേക്ഷ കാണിക്കരുത്; തന്നെ ശുശ്രൂഷിക്കേണ്ടതിന് തന്റെ സന്നിധിയിൽ നില്പാനും തനിക്ക് ശുശ്രൂഷകരായി ധൂപം കാട്ടുവാനും യഹോവ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നുവല്ലോ" (2 ദിന. 29:11). നിങ്ങൾ പ്രാർത്ഥനയിലും വിശ്വാസത്തിലും വിശുദ്ധ ജീവിതത്തിലും മടിയന്മാരാണെങ്കിൽ, നിങ്ങൾക്കായുള്ള കർത്താവിന്റെ പദ്ധതി വ്യർത്ഥമായിത്തീരും. തനിക്കുവേണ്ടിയുള്ള കർത്താവിന്റെ പദ്ധതിയും ലക്ഷ്യവും യോസേഫിന് നന്നായി അറിയാമായിരുന്നു. അതുകൊണ്ടുതന്നെ തന്റെ ജീവിതത്തിൽ നിരാശയും,നഷ്ടങ്ങളും, പരാജയവും, കുറ്റപ്പെടുത്തലുകളും വന്നപ്പോഴും, യോസേഫ് നിരുത്സാഹപ്പെട്ടില്ല. തനിക്ക് നൽകപ്പെട്ട ഉത്തരവാദിത്തം അവൻ അവഗണിച്ചതുമില്ല. എല്ലാ സാഹചര്യങ്ങളിലും അവൻ കർത്താവിൽ വിശ്വസിക്കുകയും, ഉത്സാഹത്തോടെ പ്രവർത്തിക്കുകയും ചെയ്തു. യോസേഫിന്റെ ഉത്സാഹഭരിതമായ ജീവിതവും വിശ്വാസവും അവനെ ഈജിപ്തിന്റെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് ഉയർത്തി. അടിമയായി വിൽക്കപ്പെട്ടവൻ, ഒരു ഭരണാധികാരിയായി മാറി.

യൗവനക്കാരെ, "നിങ്ങൾ ഓരോരുത്തൻ പ്രത്യാശയുടെ പൂർണ്ണനിശ്ചയം പ്രാപിപ്പാൻ അവസാനത്തോളം ഒരുപോലെ ഉത്സാഹം കാണിക്കേണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും" (എബ്രാ. 6:11,12).

പ്രിയപ്പെട്ട യൗവനക്കാരെ, നിങ്ങളുടെ ജീവിതത്തിൽ നിരവധി പരീക്ഷണങ്ങളും വെല്ലുവിളികളും ഉണ്ടെങ്കിലും വിഷമിക്കരുത്. യോസേഫിനെപ്പോലെ പ്രാർത്ഥനയിൽ ഉറച്ചുനിൽക്കുവിൻ. അലസത ഉപേക്ഷിച്ച്, ജാഗ്രതയുള്ളവരായിരുന്നാൽ, നിങ്ങളുടെ ജീവിതത്തിന്റെ ദിശ മാറും. ദൈവത്തിന് ഹിതമായ സമയമാകുമ്പോൾ, തീർച്ചയായും നിങ്ങളെയും ഉയർത്തും. മടിയന്മാരാകാതെ ജാഗ്രതയോടിരിക്കുവിൻ!!


# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

യേശു വിടുവിക്കുന്നു

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

| Trivandrum | Kochi | Kottayam |
| --- | --- | --- |
| യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം KVR - 247, മുളവന ജംഗ്ഷൻ, തേക്കുംമൂട്, കണ്ണമ്മൂല റോഡ്, തിരുവനന്തപുരം - 695035 | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | | Mob: 94967 44001, 99463 00001. |



ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.



# സമ്മർദ്ദത്തിന്റെ കീഴിൽ!

ഹലോ ഫ്രണ്ട്സ്, എല്ലാവരും സുഖമായിരിക്കുന്നുവോ? യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് എന്റെ സ്നേഹാശംസകൾ!

സമ്മർദ്ദത്തിന്റെ കീഴിൽ എന്ന പംക്തിയിലൂടെ നിങ്ങളെ കാണാൻ കഴിഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ ലോകത്തിൽ, നാം നിരവധി സമ്മർദ്ദകരമായ സാഹചര്യങ്ങൾ അഭിമുഖീകരിക്കുന്നു. ഉത്കണ്ഠ, ഭയം എന്നിവ നമ്മെ നിരന്തരം സമ്മർദ്ദത്തിലാക്കുന്നു. എന്നാൽ ആ സമ്മർദ്ദത്തെ നാം എങ്ങനെ നേരിടും?

സത്യം എന്തെന്നാൽ, സമ്മർദ്ദത്തിന്റെ കീഴിൽ ഉൽപ്പാദിപ്പിക്കുന്നതെന്തും വിലയേറിയതായിരിക്കും! അങ്ങനെ ഉൽപ്പാദിപ്പിക്കുന്ന ഒലിവ് ഓയിലിനെക്കുറിച്ച് നോക്കാം:

## சரி வாங்க தொடருக்குள் போகலாம்... ஒலிவ எண்ணெய் எப்படி தயாரிக்கப்படுகிறது என்று தெரியுமா?




ആദ്യം പുതിയതും പഴുത്തതുമായ ഒലിവ് വിത്തുകൾ തിരഞ്ഞെടുത്ത് അഴുക്കും ഇലകളും നീക്കം ചെയ്ത് നന്നായി കഴുകുന്നു.




കഴുകിയ ഒലിവ് വിത്തുകൾ ഫാക്ടറികളിലുള്ള വലിയ മില്ലുകളിൽ പൊടിക്കുന്നു.




ഒലിവ് വിത്തുകൾ പൊടിച്ച് പേസ്റ്റ് രൂപമാകുന്നതുവരെ നന്നായി ഇടിക്കുന്നു.




പേസ്റ്റായി മാറിയ ശേഷം, ഒരു വലിയ കനത്ത പ്രസ്സ് ഉപയോഗിച്ച് പിഴിഞ്ഞെടുക്കുന്നു.




പേസ്റ്റായി മാറിയ ശേഷം, ഒരു വലിയ കനത്ത പ്രസ്സ് ഉപയോഗിച്ച് പിഴിഞ്ഞെടുക്കുന്നു.




അപ്പോൾ ആരോഗ്യകരമായ ഒലിവ് ഓയിൽ ഉപയോഗത്തിന് തയാറാകും.

**ഒലിവ് ഓയിൽ ഉണ്ടാക്കാൻ ഇങ്ങനൊരു പ്രക്രിയയുണ്ടോ? അതൊരു സാധാരണ പ്രക്രിയ അല്ല! അടിക്കുമേൽ അടിയേൽക്കുന്ന പ്രക്രിയയാണ്.**

**ഒലിവ് ഓയിൽ ലഭിക്കാൻ ഒലിവ് വിത്തുകൾ കഴുകണം, പൊടിക്കണം, ഇടിക്കണം, പിഴിയണം. ഇത് വേദനാജനകമായ ഒരു പ്രക്രിയയാണ്. എന്നാൽ ഈ രീതിയിൽ വേർതിരിച്ചെടുക്കുന്ന ഒലിവ് ഓയിൽ എവിടെയാണ് ഉപയോഗിക്കുന്നതെന്ന് നിങ്ങൾക്കറിയാമോ?**



**(നിലവിളക്ക് എപ്പോഴും കത്തിക്കൊണ്ടിരിക്കേണ്ടതിന് ഇടിച്ച് പിഴിഞ്ഞെടുത്ത ശുദ്ധമായ ഒലിവ് എണ്ണ ഇസ്രായേൽ മക്കൾ കൊണ്ടുവരണമെന്ന് അവരോട് കല്പിച്ചു, അഹരോൻ സമാഗമനക്കൂടാരത്തിൽ സാക്ഷ്യത്തിന്റെ തിരശ്ശീലയ്ക്ക് പുറത്ത്, വൈകുന്നേരം മുതൽ രാവിലെ വരെ യഹോവയുടെ മുമ്പാകെ നിരന്തരം അത് കത്തിച്ചുകൊണ്ടിരിക്കണം. ഇത് നിങ്ങളുടെ തലമുറകളിൽ എന്നന്നേക്കുമുള്ള ഒരു നിയമമാണ്) സ്നേഹിതരേ, ഇങ്ങനെയൊരു വചനം ഉള്ളതായി നിങ്ങൾക്കറിമോ?**

**ഒലിവ് വിത്തുകൾക്ക് ഇത്രയധികം സംസ്കരണം ആവശ്യമായി വരുന്നത് എന്തുകൊണ്ടാണ്?**

കർത്താവിന്റെ സന്നിധിയിൽ വിളക്ക് എപ്പോഴും കത്തിക്കൊണ്ടിരിക്കുന്നതിന് ഇടിച്ച് പിഴിഞ്ഞെടുത്ത ഒലിവെണ്ണ ഉപയോഗിക്കേണ്ടതുണ്ട്! ഒരു എണ്ണയ്ക്ക് ഇത്രയധികം പ്രക്രിയകൾ ഉണ്ടെങ്കിൽ, കർത്താവിന്റെ സന്നിധിയിൽ എഴുന്നേറ്റ് പ്രയോജനപ്പെടുവാനും എപ്പോഴും കത്തി പ്രകാശിക്കുന്ന വിളക്കായിരിക്കുവാനും തെരഞ്ഞെടുക്കപ്പെട്ട നമുക്ക് ഇത് ഭാരമേറിയതും കഠിനവുമായ പ്രക്രിയയാണ്.

എന്നാൽ പ്രയാസങ്ങൾ നശിച്ചുപോകുവാനല്ല, മറിച്ച് അതിലൂടെ നമ്മെരൂപാന്തരപ്പെടുത്തി, ഉപയോഗപ്പെടുത്തുന്നു. ഒലിവ് എണ്ണ ഉണ്ടാക്കാൻ ഒലിവ് വിത്തുകൾ ആദ്യം കഴുകുന്നതുപോലെ, കർത്താവിനുവേണ്ടി പ്രയോജനപ്പെടുവാൻ നാമും ദൈവത്താൽ ശുദ്ധീകരിക്കപ്പെടുന്നു.

അതുമാത്രമല്ല, വിത്തുകൾ പൊടിച്ച്, യന്ത്രത്തിൽ വച്ച് പിഴിഞ്ഞെടുക്കുന്നതുപോലെ, നമ്മെ ഞെരുക്കുന്ന പല സാഹചര്യങ്ങളും കർത്താവ് അനുവദിക്കും.

എണ്ണ മുകളിലേക്ക് തെളിഞ്ഞുവരുന്നതുവരെ പിഴിഞ്ഞെടുത്ത നീര് രാത്രി മുഴുവനും വച്ചിരിക്കുന്നതുപോലെ, പരിശുദ്ധാത്മാവിന്റെ അഭിഷേകം നമ്മിൽ രൂപപ്പെടുന്നതുവരെ കർത്താവ് നമുക്ക് ഇരുണ്ട സാഹചര്യങ്ങൾ അനുവദിക്കും.

**എന്നാൽ ഇരുട്ട് ശാശ്വതമല്ല, അവസാനം ആരോഗ്യകരമായ ഒലിവ് എണ്ണയുടെ വരവ് പോലെ, ക്രിസ്തുവിന്റെ ശക്തി നമ്മിൽ നിന്ന് വെളിപ്പെടുത്തുന്ന ക്രിസ്തുവിന്റെ സുഗന്ധം പരത്തുന്ന ജീവജല നദിയായി നാമും മാറും. കർത്താവിന്റെ കൈകളിലെ വിലയേറിയ പാത്രമായി നാം മാറും.**

**അതുകൊണ്ട് ഞെരുക്കം നശിച്ചുപോകുവാനുള്ളതല്ല; സൃഷ്ടിക്കുവാനോ രൂപാന്തരപ്പെടുത്തുവാനോ മാത്രമല്ല ഉപയോഗപ്പെടുത്തുവാനുമാണ്!**



(വീണ്ടും കാണാം)

# തളർന്നു പോയവർ

## സീസരെ, ബാരാക്



ബാരാക് പതിനായിരം പേരോടു കൂടെ താബോർ പർവതത്തിലേക്ക് പോയി, സീസെരയെ ആക്രമിച്ച് അവന്റെ സൈന്യത്തെ പരാജയപ്പെടുത്തി. സീസെര രഥത്തിൽ നിന്നിറങ്ങി ഓടിപ്പോകാൻ തുടങ്ങി. സീസെരയുടെ സൈന്യത്തിനെതിരെ ബാരാക് തുടർന്നും യുദ്ധം ചെയ്തു. ബാരാകും അവന്റെ ആളുകളും സീസെരയുടെ സൈന്യത്തെ ഹരോശെത്ത് വരെ പിന്തുടർന്ന് വാളുകൊണ്ട് വെട്ടിക്കൊന്നു. സീസെരയുടെ സൈന്യത്തിൽ ഒരുത്തനും ശേഷിച്ചില്ല.

എന്നാൽ സീസെര രക്ഷപ്പെട്ട് ഓടി യായേലിന്റെ കൂടാരത്തിൽ ഒളിച്ചു. സീസെര ഗാഢനിദ്രയിലായിരിക്കുമ്പോൾ, യായേൽ കൂടാരത്തിന്റെ ഒരു കുറ്റി എടുത്ത് സീസെരയുടെ തലയുടെ വശത്ത് കുത്തിക്കയറ്റി അവനെ കൊന്നു (ന്യായാ. 4-ാം അദ്ധ്യായം)

## ഏലിയാവ്

കർമ്മേൽ പർവതത്തിൽ എല്ലാവരെയും വിറപ്പിച്ച ഏലിയാവ്, ഈസേബെൽ തന്നെ കൊല്ലാൻ പദ്ധതിയിടുന്നതായി മുന്നറിയിപ്പ് കേട്ടപ്പോൾ, ജീവനെ ഭയന്ന് അവൻ മരുഭൂമിയിലെ ചൂരച്ചെടിയുടെ ചുവട്ടിൽ ഒളിച്ചു. അവിടെ ഇരുന്ന് മരിക്കാൻ ഇച്ഛിച്ചു, "ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ" എന്ന് പറഞ്ഞ് കിടന്നുറങ്ങി. എങ്ങനെ ഉറക്കം വന്നുവോ?

ഹസായേലിനെ അരാമിനു രാജാവായിട്ട് അഭിഷേകം ചെയ്ക, നിംശിയുടെ മകനായ യേഹൂവിനെ യിസ്രായേലിനു രാജാവായിട്ട് അഭിഷേകം ചെയ്യണം എന്നിങ്ങനെ ഏലിയാവിനായി കർത്താവിന് ദൂരവ്യാപകമായ നിരവധി പദ്ധതികൾ ഉണ്ടായിരുന്നു.



ഏലിയാവോ മനോഭാരത്തോടെ കിടന്നുറങ്ങി. കർത്താവ് അവന്റെ നിരാശ നീക്കി, "നിനക്ക് ദൂരയാത്ര ചെയ് വാനുണ്ട്" എന്നു പറഞ്ഞ് ബലപ്പെടുത്തി അയച്ചു (1രാജാ.19:1-16).

# സജീവമായിരുന്നവർ

## കാലേബ്




മോശെ കനാൻ ദേശം ഒറ്റുനോക്കുവാൻ 12 പേരെ അയച്ചതിൽ ഒരാളായിരുന്നു കാലേബ്. മറ്റ് 10 പേർ ഭയന്ന്, ആ ദേശത്ത് പാർക്കുന്ന ജനങ്ങൾ രാക്ഷസന്മാരാണെന്ന് പറഞ്ഞപ്പോൾ, കാലേബും യോശുവയും ആ ദേശം നല്ലതാണെന്നും, ദൈവത്തിന്റെ സഹായത്താൽ അത് കീഴടക്കാൻ കഴിയുമെന്നും പറഞ്ഞ് അവരെ പ്രോത്സാഹിപ്പിച്ചു. കാലേബിന്റെ വിശ്വാസം നിമിത്തം, 40 വർഷങ്ങൾക്ക് ശേഷം അവർ കനാൻ ദേശത്ത് പ്രവേശിച്ചു. എബ്രായനായ കാലേബ് പൂർണ്ണഹൃദയത്തോടെ ദൈവത്തെ അനുസരിച്ചിരുന്നു. ദേശവിഭജനത്തിന് നേതൃത്വം നൽകിയപ്പോൾ, 85 വയസ്സുള്ള കാലേബ് ഏറ്റവും ദുഷ്കരമായ കുന്നിൻ പ്രദേശമായ ഹെബ്രോൻ (രാക്ഷസന്മാർ താമസിച്ചിരുന്ന) ചോദിച്ചുവാങ്ങി, വിശ്വാസത്താൽ അത് കീഴടക്കി. 85 വയസ്സുള്ളപ്പോഴും കാലേബ് അചഞ്ചലമായ വിശ്വാസത്തോടും യൗവനത്തിന്റെ ശക്തിയോടും കൂടി കാണപ്പെട്ടു. 40 വയസ്സിൽ ആയിരുന്നതുപോലെ ഇന്നും യുദ്ധത്തിന് താൻ ശക്തനാണെന്ന് അദ്ദേഹം ധൈര്യത്തോടെ പ്രഖ്യാപിച്ചു (സംഖ്യാ. 13-14)

## പൗലൊസ്

ക്രിസ്തുവിനുശേഷം ഏറ്റവും സജീവവും തീക്ഷ്ണതയുള്ളതുമായ മിഷനറിമാരിൽ ഒരാളായിരുന്നു അപ്പൊസ്തലനായ പൗലൊസ്. അദ്ദേഹം പല രാജ്യങ്ങളിലും സഞ്ചരിച്ചു. സഭകൾ സ്ഥാപിച്ചു, കത്തുകൾ എഴുതി, കഠിനായ ബുദ്ധിമുട്ടുകൾക്കിടയിലും ക്രിസ്തുവിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തു. മെഡിറ്ററേനിയൻ പ്രദേശത്ത് നിരവധി നീണ്ട മിഷനറി യാത്രകൾ നടത്തിയ പൗലൊസ് ഏഷ്യാമൈനറിലും യൂറോപ്പിലും നിരവധി സഭകൾ സ്ഥാപിച്ചു. പുതിയ നിയമത്തിലെ 13ലധികം പുസ്തകങ്ങൾ (കത്തുകൾ) പൗലൊസിന്റേതാണെന്ന് പറയപ്പെടുന്നു. കൂടാരപ്പണിക്കാരനായി ജോലി ചെയ്യുന്നതിനിടയിൽ, അത് ഒരു ഭാരമായി കണക്കാക്കാതെയാണ് പൗലൊസ് സുവിശേഷം പ്രചരിപ്പിച്ചത്. പൗലൊസ് എപ്പോഴും പ്രാർത്ഥനയിൽ സ്ഥിരത പുലർത്തുകയും, വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നതിൽ വളരെ ഉത്സാഹത്തോടുമിരുന്നു. സുവിശേഷം പ്രസംഗിക്കുന്നതിലും സഭാ ശുശ്രൂഷകളിലും കഠിനമായി അദ്ധ്വാനിച്ചു.





# ജയിലിലെ മാലാഖ

**ജയിലിലെ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയതിലൂടെയാണ് അവർ കൂടുതൽ പ്രസിദ്ധമായത്. തടവുകാരുടെ വിദ്യാഭ്യാസവും വ്യക്തിശുചിത്വവും മെച്ചപ്പെടുത്തി, വനിതാ ഗാർഡുകളെ നിയമിക്കുന്നതിൽ സഹായിച്ചു എന്നിങ്ങനെ അവരെക്കുറിച്ച് പറഞ്ഞുകൊണ്ടേയിരിക്കാം. ജയിലിലെ മാലാഖ എന്നാണ് അവർ അറിയപ്പെടുന്നത് ഈ മാലാഖ ആരാണെന്ന് അറിയാമോ?**





ഇംഗ്ലണ്ടിലെ ഒരു സമ്പന്ന കുടുംബത്തിൽ ജനിച്ച എലീസബത്ത് ഫ്രൈ യൗവനപ്രായത്തിൽ യേശുവിനെ സ്വീകരിച്ചു. നോർവിച്ച് നഗരത്തിലാണ് അവർ തന്റെ ശുശ്രൂഷ ആരംഭിച്ചത്, ആദ്യം എളിയവരെ സന്ദർശിച്ച് അവരെ വേദപുസ്തകം പഠിപ്പിക്കുകയും സാധുക്കളായ കുഞ്ഞുങ്ങൾക്കായി സൺഡേ സ്കൂൾ നടത്തുകയും ചെയ്തു. വിവാഹശേഷം എലീസബത്ത് എസെക്സ് നഗരത്തിലേക്ക് താമസം മാറി. രോഗികളെ പരിചരിക്കുവാനും സുവിശേഷം അറിയിക്കുവാനും തുടങ്ങി. ഏതാനും ദിവസങ്ങൾക്കുള്ളിൽ ആ ശുശ്രൂഷയിൽ പെട്ടെന്ന് ഒരു വഴിത്തിരിവ് ഉണ്ടായി. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, ന്യൂഗേറ്റ് എന്ന ജയിലിലെ പരിതാപകരമായ അവസ്ഥകളെക്കുറിച്ച് എലിസബത്ത് മനസ്സിലാക്കി, ഉടൻ തന്നെ പ്രവർത്തിക്കാൻ തുടങ്ങി.

നൂറിലധികം സ്ത്രീ തടവുകാർ ചെറിയ സെല്ലുകളിൽ, യാതൊരു ശുചിത്വവുമില്ലാതെ, അഴുക്കിലും ഭയങ്കര തണുപ്പിലും കഴിയുന്നത് കണ്ട എലീസബത്ത് നഗര അധികാരികളെ കണ്ട് വിഷയത്തിൽ ഇടപെട്ടു. അതുവരെ തടവുകാരെക്കുറിച്ച് ആരും ശ്രദ്ധിച്ചിരുന്നില്ല.

ഒടുവിൽ എലീസബത്തിന്റെ ആവശ്യങ്ങൾ അംഗീകരിക്കപ്പെടുകയും ജയിലിൽ ചില മാറ്റങ്ങൾ വരുത്തുവാനും തുടങ്ങി. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും പ്രാർത്ഥനയും വേദപുസ്തകം വായനയും നടത്തപ്പെട്ടു. തയ്യലും പഠിപ്പിച്ചു.



അതുവരെ നിരാശയോടെ ജീവിതം തള്ളിനീക്കിയ തടവുകാർ ആവേശത്തോടെ തയ്യൽ തൊഴിലിൽ ഏർപ്പെട്ടു. അതിൽ നിന്നുള്ള വരുമാനം അവരെ സത്യസന്ധരും ആത്മാഭിമാനമുള്ളവരുമാക്കി മാറ്റാൻ സഹായിച്ചു. എലീസബത്ത് വരുത്തിയ മാറ്റങ്ങളിൽ പ്രധാന പരിഷ്കാരം എന്തെന്നാൽ, അക്കാലത്ത് തടവുകാരെ ലണ്ടനിൽ നിന്ന് വിദൂര രാജ്യമായ ഓസ്ട്രേലിയയിലെ ജയിലുകളിലേക്ക് കപ്പലിൽ കൊണ്ടുപോയിരുന്നു. ഇത്രയും നീണ്ട കടൽ യാത്രകളിൽ പോലും സ്ത്രീ തടവുകാരുടെ വിലങ്ങ് അഴിക്കുകയോ, രോഗികൾക്ക് വൈദ്യചികിത്സ നൽകുകയോ ചെയ്തിരുന്നില്ല. ഓസ്ട്രേലിയയിലേക്ക് കൊണ്ടുപോയതിനുശേഷവും തടവുകാരെ അടിമകളായാണ് ജീവിച്ചിരുന്നത് എന്ന് മനസ്സിലാക്കിയ എലീസബത്ത് സർക്കാർ ഉദ്യോഗസ്ഥരോട് അപേക്ഷിച്ചു. അവളുടെ സ്ഥിരോത്സാഹത്തിലൂടെ അത്തരം ക്രൂരതകൾ ക്രമേണ അവസാനിച്ചു.

ന്യൂഗേറ്റിൽ ആരംഭിച്ച ജയിൽ പരിഷ്കരണങ്ങൾ താമസിക്കാതെ രാജ്യത്തുടനീളമുള്ള മറ്റ് ജയിലുകളിലും നടപ്പിലാക്കി. ഇംഗ്ലണ്ടിൽ നിന്ന് കുറ്റവാളികളുടെ ഒരു കപ്പൽ യാത്രയാകുമ്പോഴെല്ലാം എലീസബത്ത് ഓരോ യാത്രക്കാർക്കും ഒരു വേദപുസ്തകവും, കമ്പിളി വസ്ത്രങ്ങൾ നെയ്യുന്നതിനുള്ള നൂൽ, സൂചി എന്നിവയും നൽകി സ്നേഹപൂർവ്വം യാത്രയയക്കുമായിരുന്നു. ഒന്നോ രണ്ടോ വർഷമല്ല, 25 വർഷം അവർ ഈ രീതിയിൽ ശുശ്രൂഷ ചെയ്തു.

1813ൽ ആദ്യമായി ന്യൂഗേറ്റ് ജയിൽ സന്ദർശിച്ചപ്പോൾ, സ്ത്രീ തടവുകാരുടെയും അവരുടെ കുഞ്ഞുങ്ങളുടെയും ദുരവസ്ഥ കണ്ട് അവർ വളരെയധികം വേദനിച്ചു. അങ്ങനെ അവർ അവർക്ക് വസ്ത്രങ്ങളും ഭക്ഷണവും നൽകി. ജയിലിനുള്ളിൽ അവർക്കായി ഒരു ചാപ്പലും അവരുടെ കുഞ്ഞുങ്ങൾക്കായി ഒരു സ്കൂളും സ്ഥാപിച്ചു. തയ്യൽ, നെയ്ത്ത് തുടങ്ങിയ സ്വയം തൊഴിലുകളും അവരെ പഠിപ്പിച്ചു. എല്ലാറ്റിനുമുപരിയായി, ആത്മാക്കളുടെ രക്ഷയ്ക്കായി കർത്താവിന്റെ വചനത്തിലെ സത്യങ്ങൾ അവരെ പഠിപ്പിച്ചു. ക്രിസ്തുവിനോടുള്ള എലീസബത്തിന്റെ സ്നേഹത്താലും ദൈവത്തിന്റെ ജീവനുള്ള വചനത്താലും സ്പർശിക്കപ്പെട്ട നിരവധി തടവുകാർ അനുതപിക്കുകയും കർത്താവിലേക്ക് തിരിയുകയും ചെയ്തു.

ഒരിക്കൽ മഞ്ഞുവീഴ്ചയിൽ തെരുവിൽ കിടന്ന ഒരു ആൺകുട്ടിയുടെ മൃതദേഹം കണ്ട എലീസബത്ത്, വീടില്ലാത്തവർക്കായി സത്രങ്ങളും ഷെൽട്ടറുകളും സ്ഥാപിച്ചു. അവരുടെ സേവനങ്ങളിൽ ആകൃഷ്ടയായ വിക്ടോറിയ രാജ്ഞി അവരുടെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി സംഭാവന നൽകി. അവർ നിർദ്ദേശിച്ചതും നടപ്പിലാക്കിയതുമായ ജയിൽ പരിഷ്കരണ നയങ്ങൾ മറ്റ് യൂറോപ്യൻ രാജ്യങ്ങളിൽ സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു. അവരുടെ സേവനം പിൽക്കാല മിഷനറിമാരെ ആകർഷിച്ചു. സുവിശേഷം പ്രസംഗിക്കാൻ മാത്രമല്ല, സാമൂഹിക സേവനം ചെയ്യാനും അവർ അവരെ പ്രോത്സാഹിപ്പിച്ചു. സ്ത്രീകൾ അധികം പുറത്ത് പോകുന്നത് സമൂഹം അംഗീകരിക്കാത്ത കാലഘട്ടത്തിൽ എലീസബത്ത് ഫ്രൈ ധൈര്യത്തോടെ പ്രവർത്തിച്ചതിന്റെ കാരണം കർത്താവിനോടുള്ള അവരുടെ അതിരറ്റ സ്നേഹവും പ്രയോജനപ്രദമായ സേവനങ്ങൾ ചെയ്യാനുള്ള അവരുടെ ദൃഢനിശ്ചയവുമാണ്.

**പ്രിയപ്പെട്ട യൗവനക്കാരെ! നാം ഏത് ശുശ്രൂഷ ചെയ്യുന്നു എന്നത് പ്രശ്നമല്ല നമ്മൾ എങ്ങനെ ആത്മാക്കളെ നേടുന്നു എന്നതാണ് പ്രധാനം. ജയിൽ ശുശ്രൂഷയിലൂടെ നിരവധി ആത്മാക്കളെ നേടിയ എലീസബത്തിനെപ്പോലെ, ജയിലിൽ കിടക്കുന്ന ആത്മാക്കളെ അന്വേഷിച്ച് പോകുവാൻ തയ്യാറാകാം!**

# വരുവിൻ പ്രാർത്ഥിക്കാം!

PRAYER GUIDE

## പ്രാർത്ഥന ഡയറി

മാർച്ച് 2026



തമിഴ്നാട്ടിൽ മാത്രം 2026 മാർച്ചിൽ നടക്കുന്ന 10-ാം ക്ലാസ് പരീക്ഷയിൽ ഏകദേശം 8.70 ലക്ഷം വിദ്യാർത്ഥികളും, +2 പരീക്ഷയിൽ 8.7 ലക്ഷം വിദ്യാർത്ഥികളുമായി ആകെ 16 ലക്ഷത്തിലധികം വിദ്യാർത്ഥികൾ പരീക്ഷ എഴുതാൻ പോകുന്നു. +2 പരീക്ഷ മാർച്ച് 2നും, പത്താം ക്ലാസ് പരീക്ഷ മാർച്ച് 12 നും ആരംഭിക്കുന്നു. കേരളത്തിൽ 10-ാം ക്ലാസ് പരീക്ഷ എഴുതുന്ന കുട്ടികളും +2 പരീക്ഷ എഴുതുന്ന കുട്ടികളും നല്ല രീതിയിൽ പരീക്ഷ എഴുതി നല്ല മാർക്ക് നേടുവാനായി പ്രാർത്ഥിപ്പിൻ.



യുദ്ധത്തിൽ മരണപ്പെട്ട സൈന്യകരുടെയും, സാധാരണക്കാരുടെ യും മക്കളും യുദ്ധം നിമിത്തം ക്ഷാമം, തൊഴിലില്ലായ്മ നേരിട്ട് അടിസ്ഥാന ആവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയാത്ത യുദ്ധ ബാധിതരും കഷ്ടതയിൽ നിന്ന് വിടുവിക്കപ്പെടുവാനാ യി പ്രാർത്ഥിപ്പിൻ.

2023 ഫെബ്രുവരി 24ന് ആരംഭിച്ച റഷ്യ ഉക്രെയ്ൻ യുദ്ധം 3 വർഷമായി തുടരുകയാണ്, റഷ്യൻ സൈന്യം ക്രമേണ ഉക്രെയ്ന്റെ വിവിധ ഭാഗങ്ങൾ പിടിച്ചടക്കി, ഇരുപക്ഷവും തമ്മിലുള്ള വെടിനിർത്തൽ ചർച്ചകളിൽ പുരോഗതി ഇല്ലാതെ യുദ്ധം തുടരുകയാണ്. അതിന്റെ പരിണിതഫലമായി 32,950 റഷ്യൻ സൈനികർ രക്തസാക്ഷികളായി. ഈ യുദ്ധം എത്രയും വേഗം അവസാനിക്കാൻ പ്രാർത്ഥിപ്പിൻ.





കഴിഞ്ഞ വർഷം മാത്രം 4.5 ലക്ഷം പുതിയ സൈനികർ റഷ്യൻ സൈന്യത്തിൽ ചേർന്നു. നിലവിൽ 7 ലക്ഷം റഷ്യൻ സൈനികർ ഉക്രെയ്നെതിരെ വിന്യസിക്കപ്പെട്ടിട്ടുണ്ട്. യുദ്ധം അവസാനിക്കുവാനായി പ്രാർത്ഥിപ്പിൻ.



ലോകത്തിൽ എല്ലാ ദിവസവും 13 ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നു. എല്ലാ വർഷവും 4,848 ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നു. ലോകത്തിൽ ക്രൈസ്തവർക്കെതിരായ ആക്രമണങ്ങൾ അവസാനിക്കാൻ പ്രാർത്ഥിപ്പിൻ.



2021 മുതൽ 2025 ഡിസംബർ വരെ 65 വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്. എല്ലാ മാസവും ശരാശരി ഒരു വിദ്യാർത്ഥി മരണപ്പെടുന്ന അപകടകരമായ ഒരു സാഹചര്യമാണ് ഇത് കാണിക്കുന്നത്.

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ വിഷാദം നിമിത്തം ആത്മഹത്യ ചെയ്യുന്നത് വർദ്ധിച്ചുവരുന്നത് തടസ്സപ്പെടാനായി പ്രാർത്ഥിപ്പിൻ.

സുരക്ഷാ സേനയും നക്സലൈറ്റുകളും തമ്മിലുള്ള വെടിവയ്പ്പിൽ 15 നക്സലൈറ്റുകൾ കൊല്ലപ്പെട്ടു. നക്സലൈറ്റുകൾക്കെതിരെ സുരക്ഷാ സേന നടത്തിയ തിരച്ചിലിൽ 15 പേർ കൊല്ലപ്പെട്ടു.

നമ്മുടെ സുരക്ഷാ സേന ഇത്തരം ആക്രമണങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിപ്പിൻ.






ഇന്ത്യയിലെ അഴിമതി,കോഴ എന്നിവ രജിസ്റ്റർ ചെയ്ത കേസുകളിൽ 22.9 ശതമാനം മഹാരാഷ്ട്രയിൽ നിന്നാണ്, ബാങ്ക് തട്ടിപ്പിലും മഹാരാഷ്ട്ര ഒന്നാം സ്ഥാനത്താണ്. രാജ്യത്ത് അഴിമതിയുടെയും ബാങ്ക് തട്ടിപ്പിന്റെയും പ്രഭവകേന്ദ്രമായ മഹാരാഷ്ട്രയ്ക്കുവേണ്ടിയും, മഹാരാഷ്ട്രയ്ക്ക് ശേഷം അടുത്ത രണ്ട് സംസ്ഥാനങ്ങളായ ഡൽഹിയുടെയും തെലുങ്കാനയുടെയും ദുരവസ്ഥ മാറുവാനും പോരാടി പ്രാർത്ഥിപ്പിൻ.

കേരളം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ നടക്കാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്ന എല്ലാ വോട്ടർമാരും വ്യാജ വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ വോട്ട് ചെയ്യാതെ, ശരിയായ വ്യക്തിയെ തിരഞ്ഞെടുത്ത് വോട്ട് ചെയ്യുവാനും, തിരഞ്ഞെടുപ്പ് കമ്മീഷൻ നിഷ്പക്ഷമായി പ്രവർത്തിക്കാനും പ്രാർത്ഥിപ്പിൻ.






# Soul Detox



ഹലോ ഫ്രണ്ട്സ്! SOUL DETOX ലൂടെ വീണ്ടും നിങ്ങളെ കണ്ടതിൽ സന്തോഷം  ഈ അന്ത്യനാളുകളിൽ നമ്മുടെ ആത്മാവിനെയും, ആരോഗ്യത്തെയും, മാനസികാരോഗ്യത്തെയും ബാധിക്കുന്ന ഒരു പ്രധാന പ്രശ്നത്തിൽ നിന്ന് നമ്മുടെ SOULനെ എങ്ങനെ DETOX ചെയ്യാമെന്ന് ഈ മാസം നമുക്ക് കാണാം!



## Social Media Detox

1. രാവിലെ ഉണരുമ്പോൾ തന്നെ ഇന്ന് എന്ത് **Update and Notifications** ആണ് വന്നിരിക്കുന്നത് ആരാണ് എനിക്ക് **Text** അയച്ചത് എന്ന് മൊബൈലിൽ അന്വേഷിക്കാറുണ്ടോ?
2. രാത്രി ഉണർന്നിരുന്ന് **Reels, Shorts scroll** ചെയ്തുകൊണ്ടിരിക്കുമോ?
3. **Message, Notifications** വന്നിട്ടുണ്ടോ എന്ന് ഇടയ്ക്കിടെ **check** ചെയ്യുമോ?

ഈ മൂന്ന് കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് ചെയ്താൽ പോലും നിങ്ങൾ **Danger Zone**ൽ ആണ് നിങ്ങൾക്ക് ഈ മൊബൈൽ ഫോൺ അടിമത്തം എന്ന രോഗത്തിൽ നിന്ന്  **Detox** ആവശ്യമാണ്!

## പ്രത്യാഘാതങ്ങൾ

1. കൂടുതൽ സമയം മൊബൈൽ സ്ക്രീനിൽ നോക്കിയിരിക്കുന്നത് ഉറക്കചക്രത്തെ തടസ്സപ്പെടുത്തുന്നു.
2. ഉറങ്ങുമ്പോഴും തലച്ചോറിനെ സജീവമായി നിലനിർത്തുന്നത് തലച്ചോറിന് സമ്മർദ്ദം ചെലുത്തുന്നു. ഇത് ശ്രദ്ധക്കുറവ്, ഓർമ്മക്കുറവ് തുടങ്ങി നിരവധി അടിസ്ഥാന മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുകയും, ഒരു ദിവസത്തെ നശിപ്പിക്കുകയും ചെയ്യുന്നു.
3. ആവശ്യമില്ലാത്ത ആളുകളുമായി ബന്ധപ്പെടുന്നതിലൂടെ പാപം ചെയ്യാൻ നാം പ്രലോഭിപ്പിക്കപ്പെടുന്നു. പലപ്പോഴും നാം പിശാചിന്റെ മാന്ത്രിക വലയിൽ കുടുങ്ങിപ്പോകുന്നു.  ഇത് പല സാഹചര്യങ്ങളിലും നമ്മെ സമ്മർദ്ദത്തിലേക്ക് നയിക്കുന്നു. ഇതിനെ **FOMO** എന്ന് വിളിക്കുന്നു.
4. ഏറ്റവും പ്രധാനമായി, അനാവശ്യ സമയങ്ങളിൽ അനാവശ്യമായ പല കാര്യങ്ങൾ കാണുന്നത് നമ്മെയും നമ്മുടെ സാഹചര്യങ്ങളെയും മറ്റുള്ളവരുമായി താരതമ്യം ചെയ്യാൻ ഇടയാക്കും.
5. **Snapchat**ൽ **Streaks maintain** ചെയ്യുന്നത് ഇക്കാലത്ത് അഭിമാനകരമായ ഒരു കാര്യമായി മാറിയിരിക്കുന്നു.

## ഗുണങ്ങൾ

- വൈദ്യശാസ്ത്രപരമായി കുറഞ്ഞ സ്ക്രീൻ സമയം ഉത്കണ്ഠയും സമ്മർദ്ദവും കുറയ്ക്കുന്നു.
- മികച്ച ശ്രദ്ധയും വ്യക്തതയും - ശ്രദ്ധിക്കുന്ന സമയവും തീരുമാനമെടുക്കാനുള്ള കഴിവും മെച്ചപ്പെടുത്തുന്നു.
- ആരോഗ്യകരമായ ആത്മാഭിമാനം - കുറഞ്ഞ താരതമ്യം കൂടുതൽ ആത്മാഭിമാനത്തിലേക്ക് നയിക്കുന്നു.
- ആരോഗ്യകരമായ ഉറക്കം, പ്രഭാതത്തിൽ നല്ല ഉണർവ് നൽകുന്നു.
- ഉറങ്ങുന്നതിന് മുമ്പ് സ്ക്രീൻ ഉപയോഗം പരിമിതപ്പെടുത്തുന്നത് ഉറക്കത്തിന്റെ ഗുണനിലവാരവും മാനസികാവസ്ഥയും മെച്ചപ്പെടുത്തുന്നു.
- Dopamine Spikes കുറയും. ഇത് വൈകാരികതയെ സ്ഥിരപ്പെടുത്താൻ സഹായിക്കുന്നു.
- സത്യസന്ധമായ ബന്ധങ്ങൾ - Offline presence സത്യസന്ധമായ ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നു. കർത്താവിന്റെ ശബ്ദം വ്യക്തമായി കേൾക്കാൻ കഴിയുന്നു.
- "ദൈവത്തോട് അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും" (യാക്കോബ് 4:8)

ഇത് കൃത്യമായി ചെയ്താൽ മാത്രമേ നമ്മുടെ ജീവിതത്തിൽ നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരങ്ങളും മാർഗനിർദേശങ്ങളും കണ്ടെത്താൻ കഴിയൂ.

## Social Media Detox ചെയ്യുന്നത് എങ്ങനെ?

ലൂക്കോസ് 5:16 -ൽ, യേശു നിർജനദേശത്തു വാങ്ങിപ്പോയി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സമൂഹ മാധ്യമത്തിൽ നിന്ന് സ്വയം ഒഴിഞ്ഞുമാറുക എന്നാൽ, ലൗകീക ബന്ധത്തിൽ നിന്ന് വേർപെട്ട് ദൈവവുമായി ബന്ധപ്പെടുക എന്നാണ്.

1. **Snapchat, Instagram, Facebook, Whatsapp** എന്നിവ ഒരാഴ്ചത്തേക്കോ, ഒരു മാസത്തേക്കോ **Uninstall** ചെയ്യാൻ കഴിയും. അല്ലെങ്കിൽ ഒരു ദിവസം 35-45 മിനിറ്റ് മാത്രം ഉപയോഗിക്കാം.

2.സമൂഹ മാധ്യമങ്ങളിൽ ചെലവഴിക്കുന്ന സമയം വേദപുസ്തകം വായിക്കാനും, ധ്യാനിക്കാനും, പ്രാർത്ഥിക്കാനും, ആത്മീയ പുസ്തകങ്ങൾ വായിക്കാനും, ആത്മീയ ഗാനങ്ങൾ കേൾക്കാനും ഉപയോഗിക്കാം.

3. നിങ്ങളുടെ മാതാപിതാക്കളോടൊപ്പം സമയം ചെലവഴിക്കുവിൻ. നമ്മൾ അവരോടൊപ്പമുണ്ടെങ്കിലും, 'സുഖമാണോ?' എന്ന് അവരോട് ചോദിക്കുകയും, അവരെ സഹായിക്കുകയും ചെയ്യുന്നത് അവർക്ക് സന്തോഷവും മനസ്സമാധാനവും നൽകും.

4. ഉറങ്ങാൻ പോകുന്നതിന് ഒരു മണിക്കൂർ മുമ്പ് നിങ്ങളുടെ ഫോൺ **Bedtime Mode**ൽ ആക്കി മറ്റൊരു മുറിയിൽ വയ്ക്കുക.

5. **Walking, Jogging** മുതലായവയിൽ സമയം ചെലവഴിക്കുക.

6. എല്ലാ ദിവസവും **Setting - Digital Wellbeing**-ൽ നിങ്ങളുടെ **Screen time - check**ചെയ്ത്, നാളെ അതിലും കുറച്ച് സമയം ചെലവഴിക്കാൻ തീരുമാനിക്കുക.



ഈ Detox രീതികൾ പരീക്ഷിച്ചു നോക്കി ഞങ്ങളെ അറിയിക്കുവിൻ!
ലൗകിക സൗഹൃദങ്ങൾ വിച്ഛേദിച്ച് ദൈവവുമായുള്ള നമ്മുടെ സൗഹൃദം ശരിയാക്കാം!



# വേദപുസ്തക ശേഖരം...

ഹലോ ഫ്രണ്ട്സ്! കഴിഞ്ഞ മാസം ഉല്പത്തിയുടെ പശ്ചാത്തലത്തെക്കുറിച്ച് നാം മനസ്സിലാക്കി. നിങ്ങളുടെ Bible Reading Journeyയ്ക്ക് ഇത് ഉപയോഗപ്രദമാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ മാസം അടുത്ത നാല് പുസ്തകങ്ങളുടെ പശ്ചാത്തലത്തെക്കുറിച്ച് പഠിക്കാൻ തയാറാണോ?
പുറപ്പാട് - ദൈവം തന്റെ ജനത്തെ അടിമത്തത്തിൽ നിന്ന് രക്ഷിക്കുന്നു.
ലേവ്യാപുസ്തകം - ദൈവം തന്റെ ജനത്തെ ആരാധിക്കാനും വിശുദ്ധ ജീവിതം നയിക്കാനും പഠിപ്പിക്കുന്ന നിർദ്ദേശങ്ങൾ.
സംഖ്യാപുസ്തകം - മരുഭൂമിയിലെ കഷ്ടപ്പാടുകൾ.
ആവർത്തനപുസ്തകം - കനാൻ സ്വന്തമാക്കുന്നതിന് മുമ്പുള്ള ഇസ്രായേൽ ജനങ്ങളുടെ അവസ്ഥ മോശ ഓർമ്മിപ്പിക്കുന്നു.

### ► അടിമത്തവും രക്ഷയും (പുറ. 1-14)

ഇസ്രായേല്യരുടെ 400 വർഷത്തെ അടിമത്തം - ദൈവം മോശെ എന്ന രക്ഷകനെ എഴുന്നേൽപ്പിക്കുന്നു - മരുഭൂമിയും, ഫറവോന്റെ അടിച്ചമർത്തലും- ചെങ്കടൽ രണ്ടായി പിളർന്നു.

### ► നിയമവും ഉടമ്പടിയും (പുറ. 19-20)

10 കല്പനകൾ - ഇത് പാലിച്ചാൽ ഞാൻ നിങ്ങളെ സ്നേഹിക്കുമെന്ന് കർത്താവ് പറഞ്ഞില്ല. മറിച്ച്, ഞാൻ നിങ്ങളെ രക്ഷിച്ചതുകൊണ്ടാണ് ഇവ പാലിക്കാൻ നമ്മോട് കൽപ്പിച്ചിരിക്കുന്നത്.

### ► ആരാധനയും വിശുദ്ധിയും (ലേവ്യാപുസ്തകം)

ലേവ്യാപുസ്തകം വായിക്കാൻ അല്പം ബുദ്ധിമുട്ടാണെങ്കിലും, അതിന്റെ ആശയം ലളിതമാണ്.

1. നാം ആരാധിക്കുന്ന ദൈവം വിശുദ്ധനാണ്. ദൈവം തന്റെ ജനത്തിന്റെ മദ്ധ്യത്തിൽ വസിക്കാൻ ആഗ്രഹിക്കുന്നു.

2. പാപത്തിന്റെ അനന്തരഫലങ്ങൾ, പാപ മോചനത്തിന്റെ പ്രാധാന്യം (ലേവ്യാ. 1-7).

3. പാപത്താൽ തകർന്ന ഒരു ജനതയ്ക്ക് വിശുദ്ധനായ ദൈവത്തെ സമീപിക്കാനുള്ള ഒരു വഴിയായി യാഗങ്ങൾ നൽകപ്പെട്ടു. ഓരോ യാഗവും ഇസ്രായേൽ ജനതയെ പാപത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ചും, കൃപയുടെ ആവശ്യകതയെക്കുറിച്ചും, ക്ഷമയുടെ സാധ്യതയെക്കുറിച്ചും ഓർമ്മിപ്പിച്ചു.

### ► മരുഭൂമിയിലെ കഷ്ടപ്പാടുകൾ (സംഖ്യാപുസ്തകം)

ഇസ്രായേല്യർ തങ്ങളെ രക്ഷിച്ച ദൈവത്തിൽ വിശ്വസിക്കാതെ, ദൈവത്തിനെതിരെ പിറുപിറുത്തു, മത്സരിച്ചു, ശത്രുക്കളെ ഭയപ്പെട്ടു. തൽഫലമായി, 14 ദിവസത്തിനുള്ളിൽ (ഏകദേശം 320 കിലോമീറ്റർ) എത്തിച്ചേരേണ്ടിയിരുന്ന വാഗ്ദത്ത ദേശത്ത് എത്തുവാൻ അവർ 40 വർഷം മരുഭൂമിയിൽ അലഞ്ഞുനടന്നു.

### ► നാം ആരാണെന്ന് നിർബന്ധമായും ഓർക്കണം (ആവർത്തനപുസ്തകം)

കനാനിൽ പ്രവേശിക്കുന്നതിന് മുമ്പ് മോശെ ജനങ്ങളെ ഓർമ്മിപ്പിച്ച മൂന്ന് പ്രധാന കാര്യങ്ങൾ. ഏത് സാഹചര്യത്തിലും,

1. ദൈവത്തെ മറക്കരുത്.

2. ദൈവത്തിൽ നിന്ന് അകന്നുപോകരുത്.

3. ജീവനും വിശുദ്ധിയും അറിഞ്ഞിരിക്കണം.

**ഓർക്കുക:**

1. ദൈവം അനീതി കാണുകയും, അതിനനുസരിച്ച് പ്രതികരിക്കുകയും ചെയ്യും.
2. കൃപയാൽ നമുക്ക് സൗജന്യമായി രക്ഷ ലഭിക്കുന്നു. എന്നാൽ ആ രക്ഷയിൽ പൂർണത പ്രാപിക്കുക എന്നത് ഒരു ദിവസത്തെ അനുഭവമല്ല.
3. കല്പനകൾ നിയന്ത്രണത്തിനല്ല, മറിച്ച് നമ്മുടെ സംരക്ഷണത്തിനാണ്.
4. ദൈവത്തിനെതിരെ പിറുപിറുക്കുന്നതും സംശയിക്കുന്നതും നമ്മെ മരുഭൂമിയുടെ സാഹചര്യത്തിൽ നയിക്കും.
5. നമ്മുടെ അവസ്ഥ മനസ്സിലാക്കി ദൈവസന്നിധിയിൽ നമ്മെത്തന്നെ താഴ്ത്തണം.
6. ഇസ്രായേല്യരെപ്പോലെ രക്ഷയെ സ്നേഹിക്കുകയും സൃഷ്ടിയെ വെറുക്കുകയും ചെയ്താൽ, നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പോകുവാൻ കഴിയില്ല.



# എന്ത് പഠിക്കണം?

പത്താം ക്ലാസിന് ശേഷം ഹയർ സെക്കൻഡറി (11,12) എടുത്താൽ കോളേജിൽ ഏത് ഗ്രൂപ്പിൽ പഠിക്കാമെന്ന് നോക്കാം.

## 11-ാം ക്ലാസിൽ തിരഞ്ഞെടുക്കേണ്ട പാഠ്യ വിഷയങ്ങൾ

സയൻസ് **(Science Group - Bio- Maths/Pure Science)**: മെഡിസിൻ, നഴ്സിംഗ്, ഫിസിയോതെറാപ്പി, കൃഷി, ബയോടെക്നോളജി, എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകൾക്ക് അനുയോജ്യം.

കമ്പ്യൂട്ടർ സയൻസ് ഗ്രൂപ്പ് **(Computer Science / Maths)**: എഞ്ചിനീയറിംഗ് **(BE/BTech), IT**, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ **(BCA)**, ഡാറ്റാ സയൻസ് **(Data Science)**, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് **(AI)**

കൊമേഴ്സ് **(Commerce Group): Commerce & Accountancy: CA, CS, B.Com**, ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ **(BBA)**, മാർക്കെറ്റിംഗ് **(Marketing)**

കലയും മാനവികതയും **(Arts/Humanities)**: ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തിക ശാസ്ത്രം,...: നിയമം **(Law)**, പത്രപ്രവർത്തനം **(Journalism)**, മനഃശാസ്ത്രം **(Psychology)**, അധ്യാപക പരിശീലനം.

വൊക്കേഷനൽ ഗ്രൂപ്പ് **(Vocational Group)**: എഞ്ചിനീയറിംഗ്, ടെക്നോളജി, ഹോട്ടൽ മാനേജ്മെന്റ്, കമ്പ്യൂട്ടർ സംബന്ധമായ ജോലികൾ.

## 10-ാം ക്ലാസിനുശേഷം ഡിപ്ലോമ കോഴ്സുകൾ (Diploma Courses) പഠിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ:


- Diploma in Engineering (Mechanical, Civil, Electrical, Computer).
- Diploma in Hotel Management & Catering.
- Diploma in Fashion Designing.
- Diploma in Fine Arts or Graphic Design.

## 10-ാം ക്ലാസിനുശേഷം ITI കോഴ്സുകൾ (ITI Trades):

- **Electrician, Fitter, Mechanic, Welder, Computer Operator (COPA).**

നിങ്ങളുടെ താൽപര്യം, കഴിവ്, ഭാവിയിലെ ലക്ഷ്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ശരിയായ വകുപ്പ് തിരഞ്ഞെടുത്ത് പഠിച്ചാൽ മാത്രമേ നിങ്ങൾക്ക് നിങ്ങളുടെ ലക്ഷ്യം കൈവരിക്കാൻ കഴിയൂ.





# തളർച്ച VS ഉത്സാഹം

ജീവിതത്തിൽ കർമ്മനിരതരായിരിക്കുക എന്നത് ഒരു ബലമാണ്.
ശരീരത്തിൽ മാത്രമല്ല, മനസ്സിലും സജീവമായിരിക്കുക എന്നാൽ
നമ്മുടെ ചിന്തകളും, പ്രവൃത്തികളും ആവേശത്തോടെ
ആയിരിക്കുന്നു എന്നാണ് അർത്ഥമാക്കുന്നത്.

## ഉത്സാഹത്തിന് ഏറ്റവും നല്ല ഉദാഹരണം ഉറുമ്പാണ്:

ഒരു ചെറിയ ജീവി, പക്ഷേ അതിന്റെ കഠിനാധ്വാനം, പദ്ധതി, ഐക്യം, ആത്മവിശ്വാസം എന്നിവ മനുഷ്യരായ നമ്മെ അത്ഭുതപ്പെടുത്തുന്നു. എത്ര തടസ്സങ്ങൾ നേരിട്ടാലും, ഒരു ഉറുമ്പ് ഒരിക്കലും തളരില്ല; അത് വീണ്ടും വീണ്ടും ശ്രമിച്ച് അതിന്റെ ലക്ഷ്യം നേടുന്നു.

നാമും ജീവിതത്തിൽ ഉത്സാഹമുള്ളവരായാൽ...





- മാനസിക ഉന്മേഷം വർദ്ധിക്കും
- അലസത കുറയും
- വിശ്വാസം ശക്തമാകും
- വിജയത്തിലേക്കുള്ള വഴി തുറക്കും
- ചുറ്റുമുള്ളവരും പ്രചോദിതരാകും
- ദിവസവും ജീവതത്തെ  പുതുതായി കാണാൻ ഉത്സാഹം നമ്മെ പ്രേരിപ്പിക്കും.
- നാളെക്കായി കാത്തിരിക്കാതെ ഇന്ന് കാര്യങ്ങൾ ചെയ്യണം എന്ന മാനസികാവസ്ഥയിലേക്ക് കൊണ്ടുപോകും.

"മടിയുള്ള കൈകൊണ്ടു പ്രവർത്തിക്കുന്നവൻ ദരിദ്രനായിത്തീരുന്നു; ഉത്സാഹിയുടെ കൈയോ സമ്പത്തുണ്ടാക്കുന്നു" (സദൃ.10:4).

**അലസതയോടെ അല്ലെങ്കിൽ നിരാശയോടെ ജോലി ചെയ്യുന്നത് ദരിദ്ര്യത്തിന് കാരണമാകുന്നു. ഉത്സാഹത്തോടെ ജോലി ചെയ്യുന്നവൻ സമ്പത്തുണ്ടാക്കുന്നു!**